## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - മാലൂർ ഗ്രാമപഞ്ചായത്ത് - 2009-10 സാമ്പത്തിക വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ.(സാധാ)നം. 2584/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി. 16/11/2019.**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 14/03/2019 ലെ പി എ എൻ/2723/19/എം3(ഡിപി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12/07/2019 ലെ ഡി.കെ.എസ്.എ./ 1359/2019-പി.റ്റി.3 നമ്പർ കത്ത്.

3) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10/05/2018 ലെ എ 3/4787/17(1) നമ്പർ കത്ത്.

## ഉത്തരവ്

സ.ഉ.(എം.എസ്.)183/07/തസ്വഭവ തീയതി 24/07/2017 ഖണ്ഡിക 6-17 (IV) പ്രകാരം തനത് ഫണ്ടിന്റെയോ ഗുണഭോക്തൃ വിഹിതത്തിന്റെയോ കുറവ് നികത്തുന്നതിന് വികസന ഫണ്ടിന്റെ തുകയിൽ വർദ്ധനവ് വരുത്തുവാൻ പാടില്ലെന്ന് നിഷ്കർച്ചിട്ടുണ്ട്. ആയത് പാലിക്കാതെ 2009-10 വർഷത്തെ പദ്ധതിയിൽ കുടിവെള്ള കിണർ ആൾമറ നിർമ്മാണം എന്ന പ്രവർത്തിക്ക് വേണ്ടി വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 32,801/- (മുപ്പത്തി രണ്ടായിരത്തി എണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപയാണ് കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിലെ സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2009-10 വർഷത്തെ ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയിരിക്കുന്നത്.

**2.** മലയോര മേഖലയായ മാലൂർ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിന്റെ അപര്യാപ്തത കാരണമെന്ന് വികസന ഫണ്ടിൽ നിന്നും അധികമായി 32,801/- രൂപ ചെലവഴിച്ചതെന്നും ഇത് കാരണം പഞ്ചായത്തിന് യാതൊരുവിധ നഷ്ടവും ഉണ്ടായിട്ടില്ലെന്നും ആയതിനാൽ തടസ്സതുകയ്ക്ക് സാധൂകരണം നൽകണമെന്നും പഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

**3.** ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയുടെ 02/05/2018 ലെ 11/18 നമ്പർ തീരുമാനം, ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ സാധൂകരണ അപേക്ഷയ്ക്ക് അനുകൂല ശിപാർശ ചെയ്തിട്ടുണ്ട്.

**4.** ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാ മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ പരിഗണിച്ചും, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ

എന്നിവരുടെ ശിപാർശ കണക്കിലെടുത്തും ഭാവിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസനഫണ്ടിൽ നിന്ന് തുക ചെലവഴിക്കരുതെന്ന കർശന നിർദ്ദേശത്തോടെയും കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ, ഓഡിറ്റ് റിപ്പോർട്ട് 2009-10 ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 32,801/- (മുപ്പത്തി രണ്ടായിരത്തി എണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, മാലൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**